(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഇന്ധനത്തിന്റെ ചെലവ് കുറയ്ക്കാൻ നടപടി

*536 [570] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇന്ധനത്തിന്റെ ചെലവ് കുറയ്ക്കാൻ തിരുവനന്തപുരത്തുവച്ച് സെമിനാർ നടത്തിയിരുന്നുവോ;

(ബി) ഈ സെമിനാറിൽ ചർച്ച ചെയ്ത വിഷയങ്ങൾ എന്തൊക്കെയാണ്;

(സി) സെമിനാർ ഗവൺമെന്റിന് ശുപാർശ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ ശുപാർശകളിൽ ഏതെല്ലാം ഗവൺമെന്റ് സ്വീകരിച്ചു?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) സെമിനാർ നടത്തിയിരുന്നു.

(ബി) വാഹനങ്ങളിൽ ഇന്ധനത്തിന്റെ ഉപയോഗം എങ്ങനെ കുറയ്ക്കാം എന്നതിനെപ്പറ്റിയാണ് പ്രധാനമായും ചർച്ച നടത്തിയത്.

(സി) ചുവടെ പറയുന്ന കാര്യങ്ങളിൽ സെമിനാർ ശുപാർശകൾ ചെയ്തിട്ടുണ്ട്.

1. Vehicle Manufacture
2. Vehicle Maintenance
3. Vehicle operation and management
4. Driver behaviour
5. Road,-Traffic and Land use parametres
6. Alternate Fuels
7. Government's Influence.

(ഡി) ശുപാർശകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ഗിരിവർഗ്ഗക്ഷേമ ബോർഡ്

*537 [571] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. പി. നൂറുദ്ദീൻ:

,, സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗക്ഷേമ ബോർഡ് എന്നു നിലവിൽവന്നു; അതിന്റെ പ്രവർത്തന മൂലധനമെന്ത്;

(ബി) ഇതുവരെയും ഈ ബോർഡ് എത്ര രൂപാ ചെലവഴിച്ചു;

(സി) ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly